# കേരളീയം

ജാഗ്രതയുടെ കേരളീയം സാംസ്കാരിക പത്രം 4 വർഷം പിന്നിടുകയാണ്. ഒരു ലക്കം പോലും മുടങ്ങാതെ നാലുവർഷം ഒരു പ്രസിദ്ധീകരണം നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞത് ചാരിതാർത്ഥ്യം നൽകുന്നതു തന്നെ. കേരളത്തിന്റേയും കേരളീയത്തിന്റേയും പരിമിതികൾ അറിയുന്നവരെ സംബന്ധിച്ചിടത്തോളം ഒരു പക്ഷേ ഇത് ഒരു അത്ഭുതം തന്നെയായിരിക്കും.

ഒരർത്ഥത്തിൽ ഇത് മഹാത്ഭുതം തന്നെയാണ്. കാരണം പിന്നിട്ട പാതകളിൽ പ്രതിസന്ധികൾ ഏറെയായിരുന്നു. ഇപ്പോൾ ഒപ്പമുള്ളതും അതുതന്നെ.

ഒരു പത്രപ്രസിദ്ധീകരണത്തിൽ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സമയബന്ധിതമായി അച്ചടിച്ച് പുറത്തിറക്കുക എന്നതാണ്. സ്വന്തമായി അച്ചുകൂടം സ്വപ്നം കാണാൻ പോലുമാകാത്ത പ്രസിദ്ധീകരണത്തെ സംബന്ധിച്ചിടത്തോളം ആ വെല്ലുവിളി അത്ര നിസ്സാരമല്ല. 1998ൽ പ്രസിദ്ധീകരണമാരംഭിക്കുമ്പോൾ ഒരു പത്രമെന്ന നിലയിൽ പൂർണ്ണതയ്ക്കായി മറ്റു പത്രസ്ഥാപനങ്ങൾ തന്നെയായിരുന്നു ആശ്രയം. അങ്ങനെ തൃശ്ശൂരിലെ രാഷ്ട്രദീപിക പ്രസ് അതിനുള്ള വേദിയായി. അച്ചടിചെലവ് കുറയ്ക്കുക എന്നതിന്റെ ഭാഗമായി പിന്നീട് കൊച്ചിയിലെ രാഷ്ട്രദീപിക പ്രസിലേക്ക് അച്ചടി മാറ്റി. മാറ്റർ കൊച്ചിയിലെത്തിക്കുക എന്നതും പത്രം തിരിച്ച് തൃശ്ശൂരിലെത്തിക്കുക എന്നതും 'ഭാര'മേറിയ ഒന്നാണെങ്കിലും കേരളീയത്തിന് ചെലവുചുരുക്കൽ അനിവാര്യമായിരുന്നു. പിന്നീട് ചർച്ചകളുടേയും സമ്മർദ്ദങ്ങളുടേയും അടിസ്ഥാനത്തിൽ തൃശ്ശൂർ രാഷ്ട്രദീപികയിലും നിരക്ക് കുറച്ചതോടെ അച്ചടി തൃശ്ശൂരിലേക്ക് മാറ്റി.

പിന്നെയായിരുന്നു പ്രതിസന്ധികളുടെ ആരംഭം. ഒരു പത്രമെന്ന നിലയിൽ നിലപാടുകളേയും സ്വാതന്ത്ര്യത്തേയും അതുവഴി സ്വത്വത്തെ തന്നെയും ചോദ്യം ചെയ്യുന്നതായിരുന്നു അത്.

സമൂഹത്തിൽ ജിഹ്വ എന്നതിനു പകരം കച്ചവടമെന്ന നിലയിലേക്ക് പത്രങ്ങൾ വഴിമാറിയ സാഹചര്യത്തിൽ നിലനില്പിനായി അവ കാട്ടിക്കൂട്ടുന്ന വിക്രിയകൾ തുറന്നു കാണിച്ചതായിരുന്നു ആദ്യമായി വെല്ലുവിളി ഉയർത്തിയത്. ന്യൂസ് വേ എന്ന മണിച്ചെയിൻ മാതൃകയുമായി 'ദീപിക' രംഗത്തെത്തിയതിനെ ചോദ്യം ചെയ്തതും അതിലെ ചതി തുറന്നുകാണിച്ചതും 'ദീപിക'യുടെ അപ്രീതി നേടാൻ ഇടവരുത്തി. ഇനി കേരളീയം അച്ചടിക്കാനാകില്ല എന്നു കെറുവിക്കുകയായിരുന്നു അവർ.

പ്രസിദ്ധീകരണം തുടരാൻ അച്ചടിക്ക് പിന്നെ സമീപിച്ചത് ദേശാഭിമാനിയെയായിരുന്നു. പ്രത്യയശാസ്ത്ര പിൻബലമുള്ള ഒരു പ്രസ്ഥാനത്തിന്റെ തട്ടകത്ത് കേരളീയം മുന്നോട്ടുവയ്ക്കുന്ന പുരോഗമനാശയങ്ങൾക്ക് വിലക്കുണ്ടാകില്ല എന്നു തന്നെയായിരുന്നു പ്രതീക്ഷ. എന്നാൽ ലക്കം 56ൽ കൈരളി ചാനലിന്റെ വൈകൃതം പരാമർശിച്ചതും പ്രതിപക്ഷനേതാവിന്റെ നിലപാടിനെ കാർട്ടൂണിലൂടെ പരിഹസിച്ചതും കേരളീയത്തെ ദേശാഭിമാനിക്കു മുന്നിൽ അനഭിമതമാക്കി. വാർത്ത ഉഗ്രനെന്ന് അഭിനന്ദിച്ചെങ്കിലും അച്ചടിക്കാൻ പ്രയാസമുണ്ടെന്ന നിസ്സഹായാവസ്ഥ പ്രകടിപ്പിക്കുകയായിരുന്നു ദേശാഭിമാനി നേതൃത്വത്തിലുള്ള മുതിർന്ന പത്രപ്രവർത്തകരടങ്ങിയ മാനേജ്മെന്റ്. അവസാന നിമിഷം ഇങ്ങനെ സംഭവിച്ചത് കടുത്ത വെല്ലുവിളി തന്നെയായിരുന്നു. വാർത്ത ഒഴിവാക്കിയാൽ ഈ ലക്കം മാത്രം അടിച്ചു തരാം എന്നായിരുന്നു അവരുടെ നിലപാട്.

ഒടുവിൽ കൊച്ചിയിലെ അയോദ്ധ്യ പ്രിന്റേഴ്സിൽ(ജന്മഭൂമി).

ഇതു കേരളീയത്തിന്റെ മാത്രം ദുരവസ്ഥയല്ല. നമ്മുടെ ബദൽ പ്രസിദ്ധീകരണങ്ങൾ / ചെറു പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയെല്ലാം നേരിടുന്ന പ്രതിസന്ധിയുടെ ചെറുരൂപമാണിത്. ആശയപ്രചാരണം 'വില'യേറിയതാണെന്നും നിലപാടുകളിലെ ദൃഢത വാക്കുകളിൽ ഒതുക്കണമെന്നുമാണോ അനുഭവപാഠം?

വായനക്കാരുടെ, അഭ്യുദയകാംക്ഷികളുടെ പിന്തുണയാണ് പരിഹാരമെന്നു ഞങ്ങൾ കരുതുന്നു. പുത്തൻ മാർക്കറ്റിംഗ് തന്ത്രങ്ങൾക്കിടയിലും ബിസിനസ് പാഠങ്ങൾക്കിടയിലും ജനകീയബദൽ എന്നത് ഒരു പാഠഭേദമാകേണ്ടതുണ്ട്.

കേരളീയം എന്നും തേടിയതും ഇപ്പോഴും തേടുന്നതും അതുതന്നെ.